ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:31.08.2026

## പ്രധാനവാർത്തകൾ

1. നീല സമ്പദ് വ്യവസ്ഥയിലെ ദ്വീപുകളുടെ മുന്നേറ്റമാണ് സർക്കാർ ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. വർണ്ണ മത്സ്യങ്ങളുടെ ഉത്പാദനവും വിതരണവും ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന മിഷൻ രംഗീൻ മച്‌ലി കർമ്മപദ്ധതിയുടെ ഉദ്ഘാടനം ഉപരാഷ്ട്രപതി ലക്ഷദ്വീപിൽ നിർവഹിച്ചു.

2. കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ Friends of India കൂട്ടായ്മയിലെ അംഗങ്ങളുമായി സംവദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. എസ്.സി.ഒ നേതാക്കളുമായി ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും.

3. മുഖ്യമന്ത്രി സന്ദർശകരെ കാണുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിൽ പുതിയ സന്ദർശന ക്രമീകരണം ഏർപ്പെടുത്തി. സന്ദർശകരെ കാണുക ആഴ്ചയിൽ മൂന്ന് ദിവസം മാത്രം.

4. ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം പൊലീസ് സേനയ്ക്കുണ്ടെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

RNU TVPM

5. **നേപ്പാൾ മിന്നൽപ്രളയത്തിൽ മരണസംഖ്യ 794 ആയി. 44 മലയാളികൾ കൂടി തിരികെയത്തി.**

6. **ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും.**

❁❁❁❁❁❁❁❁❁❁❁❁❁

**ഉപരാഷ്ട്രപതി(ഇൻട്രോ)**

¬നീല സമ്പത് വ്യവസ്ഥയിൽ ദ്വീപുകളുടെ മുന്നേറ്റമാണ് സർക്കാർ ലക്ഷ്യമെന്ന് ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. കേന്ദ്രസർക്കാർ സംഘടിപ്പിച്ച ജനസമ്പർക്ക പരിപാടിയിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയുടെ ആകെയുള്ളതിൽ ആറിലൊന്ന് ലക്ഷദ്വീപ് മേഖലയിൽ നിന്നാണെന്നും അദ്ദേഹം പറഞ്ഞു.

RNUTVPM

**(ഹോൾഡ് വോയിസ്......)**

ലക്ഷദ്വീപിൻറെ ആവശ്യങ്ങൾ മനസ്സിലാക്കി അടിസ്ഥാന സൗകര്യങ്ങള് മെച്ചപ്പെടുത്തുകയാണ് ഔട്ട് റീച്ച് പ്രോഗ്രാമിലൂടെ ലക്ഷ്യമിടുന്നതെന്ന് പരിപാടിയിൽ പങ്കെടുത്തുകൊണ്ട് കേന്ദ്ര ഫിഷറീസ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ചടങ്ങിൽ ഉപരാഷ്ട്രപതി പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജനയുടെ വിവിധ ഗുണഭോക്താക്കൾക്കുള്ള സഹായ വിതരണവും നിർവഹിച്ചു. ദേശീയതലത്തിൽ വർണ്ണ മത്സ്യങ്ങളുടെ

ഉത്പാദനവും വിതരണവും ലക്ഷ്യമിട്ട് ആവിഷ്ക്കരിക്കുന്ന മിഷൻ രംഗീൻ മച്ലി 2031-ന്റെ കർമ്മപദ്ധതിയുടെ ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിച്ചു. കേന്ദ്ര സഹമന്ത്രി എസ്. പി. സിംഗ് ബാഗേൽ, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേൽ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു .

## ഉപരാഷ്ട്രപതി കൊച്ചി

രണ്ടുദിവസത്തെ കേരളം- ലക്ഷദ്വീപ് സന്ദർശനത്തിനായി എത്തിയ ഉപരാഷ്ട്രപതി വൈകിട്ട് കൊച്ചി കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി ഓഡിറ്റോറിയത്തിൽ നടക്കുന്ന രജതജൂബിലി ആഘോഷങ്ങളിലും കോൺഫ്ലുവൻസ് 3.0 വ്യവസായ–അക്കാദമിക് ഉച്ചകോടിയിലും പങ്കെടുക്കും. പരിപാടികൾക്ക് ശേഷം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് അദ്ദേഹം ഡൽഹിയിലേക്ക് മടങ്ങും.

RNU TVPM

## ഡ്രോൺ നിയന്ത്രണം

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് കൊച്ചി നഗരത്തിൽ ഗതാഗത നിയന്ത്രണവും ഡ്രോൺ നിയന്ത്രണവും ഏർപ്പെടുത്തി. കൊച്ചി സിറ്റി പരിധിയിൽ സമ്പൂർണ

ഡ്രോൺ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്ക് 2 വരെയും വൈകിട്ട് 4 മുതൽ 6 വരെയും ഗതാഗത നിയന്ത്രണവും ഉണ്ടായിരിക്കും.

## പ്രധാനമന്ത്രി-കിർഗിസ്ഥാൻ

രണ്ട് ദിവസത്തെ സന്ദർശനത്തിനായി കിർഗിസ്ഥാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി

ബിഷേക്കിൽ Friends of India കൂട്ടായ്മയിലെ അംഗങ്ങളുമായി സംവദിച്ചു. മഹാത്മാ ഗാന്ധി സ്മാരക പാർക്കിലെ ഗാന്ധി പ്രതിമയിൽ അദ്ദേഹം പുഷ്പാർച്ചന നടത്തി. എസ്.സി.ഒ ഉച്ചകോടിക്കിടെ റഷ്യ, കിർഗിസ്ഥാൻ, അർമേനിയ എന്നീ രാജ്യങ്ങളിലെ നേതാക്കളുമായി അദ്ദേഹം ഇന്ന് ഉഭയകക്ഷി ചർച്ചകൾ നടത്തും. മധ്യേഷ്യൻ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന ആറാമത്

'വേൾഡ് നൊമാഡ് ഗെയിംസിന്റെ' ഉദ്ഘാടന ചടങ്ങിലും പങ്കെടുക്കും. നാളെ 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

## നിർമ്മല സീതാരാമൻ

RNUTVPM

2026-27 സാമ്പത്തിക വർഷത്തിൽ ഇന്ത്യ 7 ശതമാനത്തിലധികം സാമ്പത്തിക വളർച്ചാ നിരക്ക് തുടർന്നുപോകാൻ സാധ്യതയെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ . ഷിക്കാഗോയിലെ പ്രവാസി ഇന്ത്യക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി നിർമല സീതാരാമൻ . അന്താരാഷ്ട്ര പ്രതിസന്ധിയെ തുടർന്ന് വിതരണ ശൃംഖലയിലെ തടസ്സങ്ങളും ഉണ്ടായിട്ടും ഇന്ത്യയുടെ വളർച്ചാ വേഗത നിലനിൽക്കുമെന്ന് അവർ വ്യക്തമാക്കി.

RNUTVPM

### സെക്രട്ടേറിയറ്റിൽ ക്രമീകരണങ്ങൾ

സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി സന്ദർശകരെ കാണുന്നതുമായി ബന്ധപ്പെട്ട് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പൊതുഅവധി അല്ലാത്ത തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ വൈകുന്നേരം മൂന്നു മുതൽ 5.30 വരെ സന്ദർശകർക്ക് മുഖ്യമന്ത്രിയെ കാണാം. പ്രായമായവർ, ഭിന്നശേഷിക്കാർ, ശാരീരിക അവശതയുള്ളവർ എന്നിവരെ സെക്രട്ടേറിയറ്റ് വളപ്പിലെ പരാതി പരിഹാര സെല്ലിൽ മുഖ്യമന്ത്രി നേരിട്ട് കാണും. ബുധനാഴ്ച മുതൽ പുതിയ ക്രമീകരണം നിലവിൽ വരും.

❁❁❁❁❁❁❁❁❁❁❁❁❁

**രമേശ് ചെന്നിത്തല (ഇൻട്രോ)**

കേരള പോലീസ് രാജ്യത്തെ പോലീസ് സേനകൾക്ക് മാതൃയെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കാനുള്ള ഉത്തരവാദിത്തം പൊലീസ് സേനയ്ക്കുണ്ടെന്നും ശ്രീ ചെന്നിത്തല പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പിൽ പരിശീലനം പൂർത്തിയാക്കിയ കെ.എ.പി, എം.എസ്. പി. കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(ഹോൾഡ് വോയ്സ്.....)**

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**നേപ്പാൾ**

മിന്നൽ പ്രളയത്തെത്തുടർന്ന് ജലവൈദ്യുത പദ്ധതികളിലെ തുരങ്കങ്ങൾക്കുള്ളിൽ

കുടുങ്ങിക്കിടക്കുന്നവരെ മോചിപ്പിക്കാനുള്ള ശ്രമങ്ങൾ ഊർജിതമാക്കി നേപ്പാൾ. കാണാതായ 2,500 പേരിൽ ഭൂരിപക്ഷവും ജലവൈദ്യുത പദ്ധതികളിലെ ജീവനക്കാരാണെന്നാണ് കരുതുന്നത്. ഇന്ത്യ, ചൈന എന്നീ രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരടങ്ങുന്ന സംഘം

തുരങ്കത്തിനുള്ളിൽ അകപ്പെട്ടവരുമായി ബന്ധപ്പെടാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇതുവരെ പ്രതികരണമുണ്ടായിട്ടില്ല.

കഴിഞ്ഞ ബുധനാഴ്ചയുണ്ടായ ദുരന്തത്തിൽ നേപ്പാളിൽ ഇതുവരെ 794 പേർ മരിച്ചതായാണ് ഔദ്യോഗിക കണക്ക്. ടിബറ്റിൽ 16 മരണം സ്ഥിരീകരിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**നോർക്ക**

നേപ്പാളിൽ പ്രളയത്തെ തുടർന്ന് യാത്ര തടസപ്പെട്ടിരുന്നവരിൽ 44 പേർ കൂടി കേരളത്തിലെത്തി. നേപ്പാളിൽ നിന്ന് ഇന്നലെ ബെംഗലൂരുവിൽ എത്തിയിരുന്ന 47 അംഗ സംഘത്തിലെ 44 പേരാണ് ഇന്നു കോഴിക്കോട് എത്തിയത്. മറ്റു മൂന്നു പേർ ട്രെയിനിൽ യാത്ര തിരിച്ചിട്ടുണ്ടെന്ന് യാത്രാ സംഘാടകർ ആകാശവാണിയോടു പറഞ്ഞു. ഇന്നലെ 13 പേരാണ് കേരളത്തിൽ തിരിച്ചെത്തിയിരുന്നത്. അതിനിടെ മാനസ സരോവർ യാത്രയ്ക്ക് പോയിരുന്ന 19 കേരളീയർ ഉൾപ്പെടെയുള്ള 23 അംഗ സംഘത്തിലെ 11 പേർ ഡെൽഹിയിൽ എത്തിയിട്ടുണ്ട്. ഇവരുടെ സംഘത്തിലെ എട്ടു പേർ കാഠ്മണ്ഡുവിലാണെന്നും യാത്രാ സൗകര്യം ലഭിക്കുന്നതനുസരിച്ച് നാട്ടിലേക്കു തിരിക്കുമെന്നും നോർക്കാ റൂട്ട്സ് അറിയിച്ചു. വിദേശ പൗരത്വമുള്ള അഞ്ചു മലയാളികളുമായി ഇനിയും ആശയ വിനിമയം സാധ്യമായിട്ടില്ലെന്നും നോർക്ക റൂട്ട്സ് വ്യക്തമാക്കി.

RNU TVPM

**ബീഹാർ-വെള്ളപ്പൊക്കം**

ബീഹാറിലെ ഗന്ധക്, കോസി നദികളിലെ ജലനിരപ്പ് ഉയർന്നു. നേപ്പാളിലെ കടുത്ത വെള്ളപ്പൊക്കത്തെയും വൃഷ്ടിപ്രദേശങ്ങളിലെ കനത്ത മഴയെയും തുടർന്നാണ് ജലനിരപ്പുയർന്നത്. വെസ്റ്റ് ചമ്പാരൻ, ഈസ്റ്റ് ചമ്പാരൻ, സരൺ, ഗോപാൽഗഞ്ച് ജില്ലകൾക്ക് , ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം ഒഡീഷയിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ബർഗഡ് ജില്ലയിൽ ചുവപ്പ് ജാഗ്രതയും പടിഞ്ഞാറൻ ഒഡീഷയിലെ വിവിധ ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

RNU TVPM

**പാലക്കാട് (ഇൻട്രോ)**

പാലക്കാട് റെയിൽവേ ഡിവിഷൻ ആരംഭിച്ചിട്ട് ഇന്ന് എഴുപത് വർഷം പൂർത്തിയാവുന്നു. 1956 ഓഗസ്റ്റ് 31-നാണ് പാലക്കാട് റയിൽവേ ഡിവിഷൻ ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചത്.

***ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.........***

***(വോയിസ്..............)***

## ഫുട്ബോൾ

ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും. ഉസ്ബെക്കിസ്ഥാനും, ബംഗ്ലാദേശിനുമൊപ്പം ഗ്രൂപ്പ് ബിയിലാണ് ഇന്ത്യ. 2006-ന് ശേഷം ആദ്യമായി ഏഷ്യൻ കപ്പ് യോഗ്യത നേടുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യൻ യുവനിര ഇറങ്ങുന്നത്.

## വനിതാ ടി–20

ഏഷ്യാ കപ്പ് വനിതാ ടി–20 ക്രിക്കറ്റ് ഗ്രൂപ്പ് ബിയിൽ ഇന്ന് ബംഗ്ലാദേശ് ഇന്തോനേഷ്യയെ നേരിടും. രാത്രി എട്ടിനാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ തായ്ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി

RNU TVPM

## ബാല്യസ്പന്ദനം–ഉദ്ഘാടനം

സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതി 'ബാല്യസ്പന്ദനം' ബുധനാഴ്ച വട്ടിയൂർക്കാവ് കൊടുങ്ങാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി ബിന്ദുകൃഷ്ണ ഉദ്ഘാടനംചെയ്യും. മന്ത്രി കെ മുരളീധരൻ അധ്യക്ഷനാകും.

മേയർ വി വി രാജേഷ് വളർച്ച നിരീക്ഷണ സംവിധാനം ഉദ്ഘാടനം ചെയ്യും. കുട്ടികളുടെ വളർച്ചയും ആരോഗ്യനിലയും കൃത്യമായി വിലയിരുത്തുന്നതിനും സമയബന്ധിതമായി ഇടപെടൽ നടത്തുന്നതിനുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ജലവിതരണം തടസ്സപ്പെടും

തിരുവനന്തപുരം നഗരത്തിൽ വാട്ടർ അതോറിറ്റിയുടെ പ്രധാന കുടിവെള്ള പൈപ്പിൽ ചോർച്ച ഉണ്ടായ സാഹചര്യത്തിൽ ഇന്ന് രാത്രി ഏഴു മുതൽ നാളെ രാവിലെ ഏഴു വരെ വിവിധ ഇടങ്ങളിൽ ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

RNUTVPM

RNJU TVPM